No. C3/85350 /2015/PHQ/2015
പോലീസ് ആസ്ഥാനം, കേരളം
തിരുവനന്തപുരം - 695010
തീയതി : 08/06/2015

സർക്കുലർ നമ്പർ: ~~17~~ 19/2015

വിഷയം: **Clean Campus – Safe Campus (ശുചിത്വ വിദ്യാലയം - സുരക്ഷിത വിദ്യാലയം) — Phase 2 (രണ്ടാം ഘട്ടം) - തുടർ നിർദ്ദേശങ്ങൾ നൽകുന്നത് - സംബന്ധിച്ച്.**

വിദ്യാർത്ഥികളുടെ ഇടയിൽ നിന്നും മയക്കുമരുന്നുകളുടെ ഉപയോഗവും അതുമായി ബന്ധപ്പെട്ട ഗുരുതരമായ സാമൂഹ്യവിപത്തും ഇല്ലാതാക്കുന്നതിനും വേണ്ടിയാണ് 2014 മെയ് മാസം Govt. order No. GO(MS) No.170/2014/Home dated; 28.08.2014 പ്രകാരം Clean Campus – Safe Campus പദ്ധതി പ്രവർത്തനം തുടങ്ങിയത്. ഇതുമൂലം നിരവധി കുട്ടികൾക്കും കുടുംബങ്ങൾക്കും, നമ്മുടെ സമൂഹത്തിന് മൊത്തത്തിലും പ്രയോജനവും ആശ്വാസവും ലഭിക്കുകയുണ്ടായി. 8000-ലധികം പ്രതികളെ പിടിക്കുകയും 8400 കേസുകൾ എടുക്കുകയും ചെയ്തു. ഈ പദ്ധതിയുടെ അടിസ്ഥാനത്തിൽ സ്കൂൾ-കോളേജ് തലത്തിലും ജില്ലാതലത്തിലും സംസ്ഥാനതലത്തിലും വിവിധ ബോധവൽക്കരണ പരിപാടികൾ നടപ്പാക്കുകയുണ്ടായി. പ്രശസ്ത സിനിമാതാരം ശ്രീ.മമ്മൂട്ടി ഇതിന്റെ ബ്രാന്റ് അംബാസിഡറായി പ്രവർത്തിച്ചുവരികയാണ്.

Clean Campus – Safe Campus പദ്ധതിയുടെ 2-ാം ഘട്ടം 2015 ജൂൺ 26-ാം തീയതി ഔദ്യോഗികമായി ആരംഭം കുറിക്കുകയാണ്. ഇത് കോഴിക്കോട്ടുവെച്ച് നടത്തുവാനാണ് തീരുമാനിച്ചിട്ടുള്ളത്. ജൂൺ 26 മയക്കുമരുന്നിനും മയക്കുമരുന്നിന്റെ വ്യാപനത്തിനും വ്യാപാരത്തിനും എതിരെയുള്ള ലോക ദിനമാണ്.

മയക്കുമരുന്നിന്റെ ഉപയോഗവും, വിൽപനയും തടയുന്നതിന് ഇതിന്റെ വിതരണക്കാരെയും, ഇത് ഉപയോഗിക്കുന്നവരേയും, ഇത് മറ്റ് സ്ഥലങ്ങളിൽ നിന്നും കൊണ്ടുവന്ന് ശേഖരിച്ച് സൂക്ഷിക്കുന്നവരേയും കണ്ടുപിടിച്ച് ക്രിമിനൽ നടപടിക്രമങ്ങളും, അതോടൊപ്പം ഈ മാരക വിപത്തിനെതിരെ ബോധവൽക്കരണവും നടത്തേണ്ടത് അത്യാവശ്യമാണ്. ഇതിനായി താഴെ പറയുന്ന നിർദ്ദേശങ്ങൾ നടപ്പിലാക്കേണ്ടതാണ്.

1. ജില്ലകളിലെ നർക്കോട്ടിക് സെല്ലുകളുടെ പ്രവർത്തനം കൂടുതൽ ശക്തമാക്കേണ്ടതാണ്. ജില്ലാ നർക്കോട്ടിക് സെല്ലിന്റെ ഇതുവരെയുള്ള

പ്രവർത്തനം വിലയിരുത്തേണ്ടതും, വരും ദിവസങ്ങളിൽ ഫലപ്രദമാക്കേണ്ടതുമാണ്.

2. ഓരോ മാസവും Review Meeting നടത്തി Excise, Narcotic Control Bureau തുടങ്ങിയ മറ്റ് വിഭാഗങ്ങളുടെ സഹകരണവും സംയോജനവും ഉണ്ടാക്കേണ്ടതാണ്.

3. കഴിഞ്ഞ പത്തു വർഷത്തിനിടയിൽ അറസ്റ്റിലായ NDPS കേസുകളിൽ ഉൾപ്പെട്ടിട്ടുള്ള പ്രതികളുടെ പട്ടിക തയ്യാറാക്കി അവരുടെ ഇപ്പോഴത്തെ പ്രവർത്തനം നിരീക്ഷിക്കേണ്ടതാണ്.

4. SIST-ൽ ഏറ്റവും നല്ല കഴിവും താല്പര്യവുമുള്ള പോലീസ് ഉദ്യോഗസ്ഥരുടെ ഒരു പ്രത്യേക team നെ മയക്കുമരുന്നു കേസുകൾ കണ്ടെത്തുന്നതിന് നിയമിക്കേണ്ടതാണ്.

5. വിദ്യാർത്ഥികളുടെ ഇടയിലുള്ള മയക്കുമരുന്നിന്റെ ഉപയോഗവും, ലഭ്യതയും GO(MS) No.170/2014/Home dated, 28.08.2014, PHQ Circular No. 34/2012 dated, 03.11.2012, PHQ Circular No.29/2012 dated, 01.10.2012 പ്രകാരമുള്ള ഉത്തരവുകൾ നിർബന്ധമായും പാലിക്കേണ്ടതാണ്.

6. ജനമൈത്രി പോലീസിന്റെ ഭാഗമായി ബീറ്റ് ഓഫീസർമാർക്കും തെരഞ്ഞെടുക്കപ്പെട്ട ജനമൈത്രി അംഗങ്ങൾക്കും ആവശ്യമായ പരിശീലനവും, ലഘുലേഖകളും നൽകുകയും അവരുടെ പ്രവർത്തനം കൊണ്ട് ജനങ്ങൾക്ക് ഇത്തരം കാര്യങ്ങളുടെ അപകടങ്ങൾ മനസ്സിലാക്കി കൊടുക്കുകയും ഇതിനെ പ്രതിരോധിക്കാൻ എന്തു ചെയ്യണമെന്ന് ബോധവൽക്കരണം നടത്തുകയും ചെയ്യേണ്ടതാണ്. മയക്കുമരുന്നു ഉപയോഗിക്കുന്നതിന്റെ ദൂഷ്യവശങ്ങൾ എല്ലാ വിഭാഗം ജനങ്ങളെയും ബോദ്ധ്യപ്പെടുത്തുവാൻ ബീറ്റ് ഓഫീസർമാർ പ്രത്യേകം ശ്രദ്ധിക്കേണ്ടതുമാണ്.

7. ഇതിന്റെ ഭാഗമായി SPC (Students Police Cadet), NCC, NSS (National Service Scheme), Scouts and Guides, Resident's Associations, Nehru Yuva Kendra, ADIC, Malabar Cancer Care Society തുടങ്ങിയ സർക്കാർ-സർക്കാരിതര സംഘടനകളുടെയും പൂർണ്ണമായ സഹകരണം ഉറപ്പാക്കേണ്ടതാണ്.

8. School Protection Group (SPG) പ്രവർത്തിക്കുന്ന സ്കൂളുകളിൽ എസ്പിജിയിലെ അംഗങ്ങൾക്ക് ഇതിനു വേണ്ട പരിശീലനവും നൽകേണ്ടതാണ്. SPG ഇല്ലാത്ത സ്കൂളുകളിൽ ജൂൺ 20-നു മുമ്പായി ഇവ രൂപീകരിച്ച് പ്രവർത്തനം ആരംഭിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

9. എല്ലാ കോളേജുകളിലും College Protection Group (CPG) ആരംഭിക്കേണ്ടതാണ്.

10. സാമൂഹ്യ നീതി വകുപ്പിന്റെ നേതൃത്വത്തിൽ വിദ്യാഭ്യാസ വകുപ്പ്, ആരോഗ്യവകുപ്പ്, ആഭ്യന്തര വകുപ്പ്, എക്സൈസ് വകുപ്പ് എന്നിവയുമായി ചേർന്ന് ജില്ലകൾ തോറും നടപ്പിലാക്കി വരുന്ന ORC പദ്ധതിയിൽ വേണ്ട രീതിയിൽ സഹകരിച്ചു പ്രവർത്തിക്കേണ്ടതും ജില്ലാ ORC സെന്ററിൽ ലഭ്യമായ Counselling, Expert Consultation, Mentoring and Skill development തുടങ്ങിയ സൗകര്യങ്ങൾ വഴിതെറ്റിപ്പോയ കുട്ടികളെ പുനരധിവസിപ്പിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

11. 2015 ജൂൺ 26-ാം തീയതി മുതൽ സംസ്ഥാനത്തൊട്ടാകെ വിവിധ വകുപ്പുകളുടെയും ഗവൺമെന്റ് ഇതര സംഘടനകളുടെയും പൂർണ്ണ സഹകരണത്തോടെ ഇതിനായുള്ള ബോധവൽക്കരണ പരിപാടികൾ നടപ്പാക്കേണ്ടതാണ്.

12. കോളേജുകളുടെയും, സ്കൂളുകളുടെയും അങ്കണത്തിലും, പരിസരത്തു നിന്നും മയക്കുമരുന്ന്, മദ്യം, പുകയില ഉൽപന്നങ്ങൾ അതുപോലെ നിരോധിക്കപ്പെട്ട മറ്റ് വസ്തുക്കൾ എന്നിവ രഹസ്യമായി വില്പന നടത്തുന്നത് കണ്ടെത്തുവാൻ സഹായിക്കുന്നവർക്ക് പാരിതോഷികങ്ങൾ നൽകുവാനും അവരുടെ വിവരങ്ങൾ രഹസ്യമായി വയ്ക്കുവാനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

13. രണ്ടാം ഘട്ടത്തിന്റെ ഭാഗമായി ജില്ലാ സംസ്ഥാന ഇന്റലിജൻസ് എല്ലാ തലങ്ങളിലുമുള്ള മയക്കുമരുന്നുകളുടെ ഉപയോഗം നടത്തുന്നവർ, ഇടനിലക്കാർ, ആർക്കാണ് നൽകുന്നത്, ആർക്കാണ് ഇതിൽ നിന്നുള്ള ലാഭം എത്തുന്നത്, ഇവ കൊണ്ടു വരുന്ന വഴികൾ, ഇവ വിപണനം ചെയ്യുന്നതിന്റെ തന്ത്രങ്ങൾ എന്നിവയുടെ വിവരശേഖരണം നടത്തേണ്ടതാണ്.

14. വിനാശത്തിന്റെ കച്ചവടക്കാരായ മയക്കുമരുന്നു ലോബിക്കെതിരെ ശക്തമായ നടപടി സ്വീകരിക്കുന്നവർക്ക് അർഹമായ പാരിതോഷികം നൽകാൻ നടപടി എടുക്കേണ്ടതാണ്.

15. ഇതിനെ തുടർന്ന് എടുക്കുന്ന കേസുകളുടെ വിവരം കൃത്യമായി രേഖപ്പെടുത്തേണ്ടതും, ഒരു പെർഫോമയിൽ ക്രമമായി ക്രോഡീകരിച്ച് സൂക്ഷിക്കേണ്ടതുമാണ്. വിവിധ തലങ്ങളിലുള്ള പ്രതിമാസ ക്രൈം കോൺഫറൻസിൽ മേൽ നിർദ്ദേശിച്ചിട്ടുള്ള നടപടികൾ വിലയിരുത്തേണ്ടതാണ്.

സംസ്ഥാന പോലീസ് മേധാവി

സ്വീകർത്താവ്:

1. എല്ലാ ലിസ്റ്റ് ബി ഓഫീസർമാർക്കും -
   അറിവിലേയ്ക്കും, അനന്തരനടപടിയ്ക്കുമായി.
2. DIG-Intelligence ന്റെ അറിവിലേയ്ക്കും, തുടർനടപടികൾക്കുമായി.

പകർപ്പ്; സർക്കുലർ രജിസ്റ്റർ/ സി ബ്രാഞ്ച് / SPMR / Information Centre

Copy Received for Tx
Time 1350 Sign